100% കേന്ദ്രാവിഷ്കൃത പദ്ധതികൾ

112 [1285] *ശ്രീ. സി. കെ. നാണു:*
„ കെ. പി. മോഹനൻ:
ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. എ. സി. ഷൺമുഖദാസ്:
„ കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പുവഴി നടപ്പിലാക്കുന്ന 100% കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(ബി) മേൽപ്പറഞ്ഞ പദ്ധതികൾ ഓരോന്നിനും 2004-2005 സാമ്പത്തിക വർഷത്തിൽ എത്ര തുക വീതം വകയിരുത്തിയിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ എത്ര തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ഡി) ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന മുഴുവൻ തുകയും ചെലവഴിക്കാതിരിക്കുന്നതിന് കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1. ബാലികാ സമൃദ്ധിയോജന
2. സംയോജിത സ്ത്രീശാക്തീകരണ പരിപാടി
3. ഉദിഷ ട്രെയിനിംഗ് പ്രോഗ്രാം
4. സംയോജിത ശിശുവികസന സേവന പദ്ധതി
5. ഐ.സി.ഡി.എസ്. ഫേസ് ത്രീ പ്രോജക്ട്
6. നാഷണൽ ന്യൂട്രീഷൻ മിഷൻ

(ബി) മേൽപ്പറഞ്ഞ പദ്ധതികൾ ഓരോന്നിനും യഥാക്രമം (1) 500 ലക്ഷം, (2) 100 ലക്ഷം, (3) 200 ലക്ഷം, (4) 6700 ലക്ഷം, (5) 3300 ലക്ഷം, (6) 270 ലക്ഷം രൂപ വീതം വകയിരുത്തിയിരുന്നു.

(സി) ബാലികാ സമൃദ്ധി യോജനയ്ക്ക് 498.25 ലക്ഷം രൂപയും സംയോജിത സ്ത്രീ ശാക്തീകരണ പദ്ധതിക്കായി 61.08 ലക്ഷം, ഉദിഷ ട്രെയിനിംഗ് പ്രോഗ്രാമിന് 199.71 ലക്ഷം, സംയോജിത ശിശുവികസന സേവന പദ്ധതിക്ക് 6947 ലക്ഷം, ഐ. സി. ഡി. എസ്. ഫേസ് ത്രീ പദ്ധതിക്ക് 2840 ലക്ഷം, നാഷണൽ ന്യൂട്രീഷൻ മിഷന് 0.13 ലക്ഷം രൂപ എന്നിങ്ങനെ ചെലവഴിച്ചിട്ടുണ്ട്.

(ഡി) സംയോജിത സ്ത്രീ ശാക്തീകരണ പദ്ധതിക്ക് കേന്ദ്ര സർക്കാർ ലഭ്യമാക്കിയ അടങ്കൽ തുക 300.6 ലക്ഷം രൂപയിൽ 127 ലക്ഷം രൂപ ചെലവഴിക്കുകയും ബാക്കി തുക ചെലവഴിക്കാനുള്ള ആക്ഷൻ പ്ലാൻ കേന്ദ്ര സർക്കാരിനു

LIBRARY ARCHIVES Kerala Legislative Assembly

സമർപ്പിച്ചിട്ടുമുണ്ട്. ഐ. സി. ഡി. എസ്. ഫേസ് ത്രീക്ക് കേന്ദ്രം അനുവദിച്ച 137.396 കോടി രൂപയിൽ 120.358 കോടി രൂപ ചെലവഴിക്കുകയും ബാക്കി തുക പ്രോജക്ട് കാലാവധിക്കുള്ളിൽ ചെലവഴിക്കുന്നതുമാണ്. പ്രോജക്ട് കാലാവധി കേന്ദ്ര സർക്കാർ നീട്ടി തരാതിരുന്നതുകൊണ്ടാണ് നാഷണൽ ന്യൂട്രീഷൻ മിഷന് അനുവദിച്ച 270 ലക്ഷം രൂപ ചെലവഴിക്കാൻ കഴിയാതിരുന്നത്.

വിൽപ്പന നടത്തിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമി

113 [1286] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാല് വർഷത്തിനുള്ളിൽ ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമി മറ്റ് ആവശ്യങ്ങൾക്കായി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) കെൽട്രോണിന്റെ ഏതൊക്കെ യൂണിറ്റുകളുടെ സ്ഥലം വിൽപ്പന നടത്തിയിട്ടുണ്ട് എന്നും എന്ത് തുക പ്രതിഫലം ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) കോഴിക്കോട് കേരള സോപ്സിന്റെ എത്ര സ്ഥലം വിൽപ്പന നടത്തിയിട്ടുണ്ടെന്നും ഇതിന് ഓരോ സ്ഥാപനത്തിനും എന്ത് തുക ലഭിച്ചുവെന്നും വ്യക്തമാക്കാമോ;

(ഡി) ഇപ്രകാരം ലഭിച്ച തുക ഏതൊക്കെ ആവശ്യങ്ങൾക്കായി വിനിയോഗിച്ചു എന്ന് വെളിപ്പെടുത്താമോ;

(ഇ) സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് എത്ര വീതം ഭൂമി ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമി മറ്റാവശ്യങ്ങൾക്കായി നൽകിയിട്ടില്ല.

(ബി) — (ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) കണക്കുകളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly